ഉത്തരം

(എ)&(ബി) സംസ്ഥാനത്തിന് ഇപ്പോൾ പ്രതിമാസം 26173 മെട്രിക് ടൺ വീതം മണ്ണെണ്ണ പൊതുവിതരണ ശൃംഖലവഴി വിതരണം നടത്തുന്നതിന് ലഭിക്കുന്നുണ്ട്. അതായത് ഒരു വർഷം 302076 മെട്രിക് ടൺ.

(സി) 1.4.99 - മുതൽ 9/99 വരെ 129642 മെ. ടൺ മണ്ണെണ്ണ ഗാർഹികാവശ്യത്തിന് വിതരണം ചെയ്തു.

(ഡി) പ്രതിമാസം 3734 മെ. ടൺ വീതം വിതരണം ചെയ്യുന്നു.

മണ്ണെണ്ണ പെർമിറ്റിനുവേണ്ടിയുള്ള അപേക്ഷകൾ

76 (122) ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണ പെർമിറ്റിനുവേണ്ടി സ്വീകരിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൻമേൽ അർഹരായ എല്ലാ അപേക്ഷകർക്കും പെർമിറ്റ് വിതരണം ചെയ്തു കഴിഞ്ഞോ;

(ബി) ഇല്ലെങ്കിൽ ബാക്കിയുള്ള അപേക്ഷകളിൽമേൽ പെർമിറ്റ് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) ഇതുവരെ അപേക്ഷ നൽകാൻ കഴിയാത്തവർക്ക് പെർമിറ്റിനുള്ള അപേക്ഷ വീണ്ടും സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. ഈ ഗവൺമെന്റ് വന്നശേഷം ഇതുവരെ 6,63,000 പെർമിറ്റുകൾ നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. മണ്ണെണ്ണയുടെ ലഭ്യത അനുസരിച്ച് പെർമിറ്റ് വിതരണം നടത്തുന്നതിന് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള അപേക്ഷകർക്ക് പെർമിറ്റ് കൊടുത്തതിനുശേഷമേ പുതിയ അപേക്ഷ സ്വീകരിക്കുവാൻ കഴിയുകയുള്ളു.

പുതിയ മാവേലി സ്റ്റോറുകൾ

77 (123) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി സംസ്ഥാനത്ത് ഈ വർഷം എത്ര മാവേലിസ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) തൃശ്ശൂർ ജില്ലയിൽ അനുവദിച്ചവ എത്ര; അവ ഏതെല്ലാം;

(സി) ചേർപ്പ് നിയോജകമണ്ഡലത്തിൽ അവിണിശ്ശേരി പഞ്ചായത്തിൽ പുതിയ മാവേലിസ്റ്റോർ ഈ വർഷം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് എത്ര താലൂക്കുകളിൽ മാവേലി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തൃശ്ശൂർ താലൂക്കിൽ പുതിയ മാവേലി മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) തൃശ്ശൂർ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ പൊട്രോൾ പമ്പ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) പുതിയതായി സൂപ്പർ മാർക്കറ്റുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 125 എണ്ണം

(ബി) 12 എണ്ണം അനുവദിച്ച നിയോജകമണ്ഡലങ്ങളുടെ പേര് താഴെ കൊടുക്കുന്നു.

1. തൃശ്ശൂർ
2. കൊടുങ്ങല്ലൂർ
3. കൊടകര
4. ചേർപ്പ്
5. നാട്ടിക
6. ഇരിങ്ങാലക്കുട
7. ചാലക്കുടി
8. വടക്കാഞ്ചേരി
9. മണലൂർ
10. ഗുരുവായൂർ
11. കുന്നംകുളം
12. ചേലക്കര

(സി) മാവേലി സ്റ്റോറുകളില്ലാത്ത പഞ്ചായത്തുകളിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒന്നുവീതം തുറക്കുക എന്നതാണ് ഇപ്പോഴത്തെ തീരുമാനം. അതുപ്രകാരം എം.എൽ.എ.യുടെ നിർദ്ദേശം പരിഗണിച്ച് ചേർപ്പ് നിയോജമണ്ഡലത്തിലെ ആലപ്പാട് എന്ന സ്ഥലത്ത് മാവേലിസ്റ്റോർ ആരംഭിച്ചു കഴിഞ്ഞു. അവിണിശ്ശേരിയിൽ പുതിയതായി ഒരു മാവേലിസ്റ്റോർ അനുവദിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിൽ തൽക്കാലം ഇല്ല.

(ഡി) 13 താലൂക്കുകളിൽ.

(ഇ) അനുയോജ്യമായ കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് മാവേലി മെഡിക്കൽ സ്റ്റോറുകൾ അനുവദിക്കുന്നതാണ്.

(എഫ്) അനുയോജ്യമായ സ്ഥലവും ഓയിൽ കമ്പനിയുടെ അംഗീകാരവും ലഭിക്കുന്ന മുറയ്ക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ തൃശ്ശൂരിൽ പെട്രോൾ പമ്പ് തുടങ്ങുന്നതാണ്.

(ജി) ഉണ്ട്. കൊല്ലം, ആലുവ എന്നീ സ്ഥലങ്ങളിൽ.

LIBRARY ARCHIVES Kerala Legislative Assembly